## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3894 — 24.08.2017-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ

| | ചോദ്യം: | | മറുപടി: |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | പാരലൽ കോളേജുകളിൽ പഠിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് അടയ്ക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (എ) | പാരലൽ കോളേജുകളിൽ പഠിച്ചു വരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫീസ് അടയ്ക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. |
| (ബി) | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ധനസഹായ പദ്ധതികൾ എന്തെല്ലാം ; വിശദമാക്കാമോ; | (ബി) | 2/7/2009 ലെ സ.ഉ(അച്ചടി)50/2009/പജപവവിവ പ്രകാരം അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശന പരീക്ഷാകമ്മീഷണറുടെ അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്നവർക്കും, ഡി.എം.ഇ, ഡി.എച്ച്.എസ്, നേഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നുണ്ട്. മേൽപറഞ്ഞ വിഭാഗത്തിൽപെടാത്ത സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അംഗീകൃത കോഴ്സുകളിൽ പഠിക്കുന്ന രണ്ടര ലക്ഷത്തിന് താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യാസ്കോളർഷിപ്പ് അനുവദിച്ചു വരുന്നു. |
| (സി) | പട്ടികജാതി വിദ്യാർത്ഥികൾക്ക് അർഹതയുള്ള സ്കോളർഷിപ്പ് പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ? | (സി) | 1. പ്രീ മെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>3. പ്രൈമറി എഡ്യൂക്കേഷൻ എയിഡ്<br>4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്(100% CSS)<br>5. 9,10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)<br>6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്<br>7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം |

| | | | |
|---|---|---|---|
| | | | 8. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം.<br>9. എം.ബി.ബി.എസ്/എൻജിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടിക ജാതി വിഭാഗം ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവിന് ധനസഹായം.<br>10. വൃത്തിഹീന സാഹചര്യങ്ങളിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം<br>11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്പ്മെന്റ് സ്കോളർഷിപ്പ്.<br>12. വിഷൻ 2013-മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.<br>13. ബുക്ക് ബാങ്ക് സ്കീം (50% സി.എസ്.എസ്)<br>14. പാരലൽ കോളേജിൽ പഠിക്കുന്നവർക്ക് ധനസഹായം.<br>15. കലാ കോഴ്സുകളിൽ പഠിക്കുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം. |

സെക്ഷൻ ഓഫീസർ